15. മേത്താനത്ത് എസ്റ്റേറ്റ്, തൊടുപുഴ, ഇടുക്കി ജില്ല
16. ബോണക്കാട് എസ്റ്റേറ്റ്, നെടുമങ്ങാട്, തിരുവനന്തപുരം ജില്ല
17. പ്രിയ എസ്റ്റേറ്റ്, പുനലൂർ, കൊല്ലം ജില്ല
18. റോസറി എസ്റ്റേറ്റ്
19. വാഴക്കുണ്ട് എസ്റ്റേറ്റ്
20. കരിമല എസ്റ്റേറ്റ് > നെല്ലിയാമ്പതി, പാലക്കാട് ജില്ല
21. ബിയാട്രീസ് എസ്റ്റേറ്റ്
22. കാളിയാറ എസ്റ്റേറ്റ്

(ബി) 17 തോട്ടങ്ങൾ തുറന്നു പ്രവർത്തനം ആരംഭിച്ചു.

(സി) ഏകദേശം പതിനായിരത്തോളം തൊഴിലാളികൾക്ക് തൊഴിൽ തിരികെ ലഭിച്ചു.

(ഡി) പൂട്ടിക്കിടക്കുന്നതും ഉടമകൾ ഉപേക്ഷിച്ചുപോയതുമായ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിന് പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റി ശിപാർശ ചെയ്യുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. RBT വക തോട്ടങ്ങൾ തുറക്കുന്നതു സംബന്ധിച്ച് ചർച്ച നടന്നു വരുന്നു.

റിട്ടേൺസ് നൽകിയിട്ടുള്ള തൊഴിലാളി സംഘടനകൾ

71 (1034) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുമട്ടുതൊഴിൽ രംഗത്ത് തിരുവനന്തപുരം ജില്ലയിൽനിന്ന് ലേബർ കമ്മീഷണർക്ക് 2008-ലും 2009-ലും റിട്ടേൺസ് നൽകിയിട്ടുള്ള തൊഴിലാളി സംഘടനകളുടെ പേരും വിലാസവും അംഗസംഖ്യയും വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടുള്ളത് ഏതെല്ലാം പ്രദേശങ്ങളിലാണെന്നും പ്രസ്തുത പ്രദേശത്ത് ആകെ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നും വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ വിവിധ എ.എൽ.ഒ. ഓഫീസുകളിൽ 26 എ കാർഡിന് എത്ര തൊഴിലാളികൾ അപേക്ഷ നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് കാർഡ് നൽകാനുണ്ടെന്നും അപേക്ഷ നൽകിയ തീയതി ഏതെന്നും കാർഡ് നൽകാത്ത കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(ഡി) ജില്ലയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ മരണപ്പെട്ട തൊഴിലാളികൾ എത്ര ; ആത്മഹത്യ ചെയ്ത തൊഴിലാളികൾ എത്ര ; വിശദമാക്കുമോ ;

(ഇ) ജില്ലയിൽ പദ്ധതി പ്രദേശത്ത് തൊഴിൽ ചെയ്യുന്നതിൽ പ്രതിമാസം ഏറ്റവും കുടുതൽ കൂലി ലഭിക്കുന്നത് ഏത് കേന്ദ്രത്തിലെ തൊഴിലാളികൾക്കാണ് ; എത്ര തുക വീതം എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ വ്യവസ്ഥകൾ തിരുവനന്തപുരം ജില്ലയിലെ മുഴുവൻ പ്രദേശത്തും ബാധകമാക്കിയിട്ടുണ്ട്. ജില്ലയിലെ പദ്ധതി പ്രദേശത്ത് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ 3777 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് വെയർഹൗസ് 13-ാം പുളിലെ തൊഴിലാളികൾക്കാണ് ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്നത്. തൊഴിലാളികളുടെ ശരാശരി വേതനം പ്രതിമാസം 21,000 രൂപയാണ്.

കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ഉണ്ടാകുന്ന തൊഴിൽനഷ്ടം

72 (T1035)ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കുമ്പോൾ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ എത്രമാത്രം തൊഴിൽ നഷ്ടമാകും എന്നതിനെക്കുറിച്ച് പഠനമോ അന്വേഷണമോ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പഠനം നടത്തിയിട്ടില്ലെങ്കിൽ അത്തരമൊരു പഠനം നടത്തുമോ ;

(സി) കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്നുള്ള ഉത്കണ്ഠയ്ക്ക് എന്തെങ്കിലും പരിഹാരം കാണുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആലോചിക്കാവുന്നതാണ്.

(സി) തൊഴിൽ നഷ്ടം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാർ തലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly